# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**

**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-8/838/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 3-1, പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-8/838/2021 തീയ്യതി: 28/09/2021

## ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 27-08-2021 |
| | | 04-08-2021 | 13-08-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2021 | 13-08-2021 |
| 24-08-2021 | 27-08-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സാബു.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ബീന..എ).ഡി, അസി ഓഡിറ്റ് ഓഫീസർ
ശ്രീമതി ജാകലിൻ.പി.ഡബ്ല്യു ,സീ.ഗ്രേ. ഓഡിറ്റർ (13-08-2021 വരെ)
ശ്രീമതി.ശ്രീദേവി.ആർ ,സീ.ഗ്രേ. ഓഡിറ്റർ
ശ്രീ. ലക്ഷ്മീകാന്ത്.പി ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| | | (മുതൽ) | |
| അഫ്സത്ത് എം എ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| രാജ്കുമാർ ജി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഖില എം യു | കൃഷി ഓഫീസർ | 01-04-2019 | 17-09-2019 |
| അഞ്ജു വിജയൻ | കൃഷി ഓഫീസർ | 17-09-2019 | 30-09-2019 |
| ലിറ്റി വർഗ്ഗീസ് | കൃഷി ഓഫീസർ | 30-09-2019 | 28-11-2019 |
| അനൂപ് ചന്ദ്രൻ | കൃഷി ഓഫീസർ | 28-11-2019 | 31-03-2020 |
| ഡോ. ബിജു എസ് | വെറ്റിനറി സർജന് | 01-04-2019 | 31-03-2020 |
| ഡോ.ഗോപകുമാർ വി വി | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ. വിനിത പി എം | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2019 | 31-03-2020 |
| ലൂസി എ ഐ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| തനൂജ കെ | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 01-04-2019 | 15-12-2019 |
| ലത കെ പി | ഐ.സി.ഡി.എസ് , സൂപ്പർവൈസർ | 16-12-2019 | 31-03-2020 |
| മധുകുമാർ എസ് | ഹെഡ്മാസ്റ്റർ , ഗവ. യു പി എസ് | 01-04-2019 | 31-03-2020 |
| ഷാരോൺ സുധാകരൻ | അസി. എൻജിനീയർ , എൽ.എസ്.ജി.ഡി | 01-04-2019 | 31-03-2020 |
| സൽമാബീവി എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 29-02-2020 |
| സബിത വി എച്ച് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-03-2020 | 31-03-2020 |
| ശ്രീകുമാർ എസ് | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: P.Sabu (Audit Officer (HG), On 07-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-1 |
| 2 | വാർഷിക കണക്ക് പരിശോധന -2019-20 - ന്യൂനതകൾ-<br>Written By: P.Sabu (Audit Officer (HG), On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.Sabu (Audit Officer (HG), On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.Sabu (Audit Officer (HG), On 09-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.Sabu (Audit Officer (HG), On 07-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.Sabu (Audit Officer (HG), On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: P.Sabu (Audit Officer (HG), On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Lakshmikanth P (Auditor, On 04-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.Sabu (Audit Officer (HG), On 07-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-10 |
| 11 | റേഷൻ വ്യാപരികളിൽ നിന്ന് തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നില്ല<br>Written By: Lakshmikanth P (Auditor, On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-11 |
| 12 | വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന മുറികൾക്ക് വാടക ഈടാക്കുന്നില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Lakshmikanth P (Auditor, On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-12 |
| 13 | ചെമ്മീൻ പീലിങ് ഷെഡുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തികുന്നു- പഞ്ചായത്തിന് വരുമാന നഷ്ടവും അധിക ചിലവും<br>Written By: Lakshmikanth P (Auditor, On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-13 |
| 14 | ബാല സഭപ്രവർത്തനങ്ങൾചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 27-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-14 |
| 15 | മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- ബിൽ പ്രകാരമുള്ളതിലും അധികം തുക നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 27-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-15 |
| 16 | പരസ്യചാർജ്ജിനത്തിൽ ഡിസ്ക്കൌണ്ട് ലഭ്യമാക്കാതെ തുക നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 27-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-16 |
| 17 | MGNREG പ്രവൃത്തികൾക്ക് ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് അധികം തുക നൽകി | 1-17 |

| | | |
|---|---|---|
| | Written By: Jaquiline P.W (Senior Grade Auditor, On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | |
| 18 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 27-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-18 |
| 19 | ഗ്രാമ പഞ്ചായത്തിലെ വാഹനങ്ങളുടെ പരിപാലനം തൃപ്തികരമല്ല<br>Written By: Sreedevi.R (Senior Grade Auditor, On 27-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-19 |
| 20 | മഴക്കാല പൂർവ്വ പ്രതിരോധപ്രവർത്തനങ്ങൾ-വിനിയോഗവിവരം ഇല്ല<br>Written By: A.D.Beena (Asst. Audit Officer, On 27-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-20 |
| 21 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്-<br>Written By: P.Sabu (Audit Officer (HG), On 26-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-21 |
| 22 | പാലിയേറ്റീവ് കെയർ - ചെലവ് രേഖകൾ പൂർണ്ണമല്ല<br>Written By: A.D.Beena (Asst. Audit Officer, On 27-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-22 |
| 23 | എൽ.ഇ.ഡി.തെരുവ് വിളക്കുകൾ വാങ്ങൽ -അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 27-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | MGNREG പ്രവൃത്തികൾക്ക് ഡിസ് പ്ലേ ബോർഡ് സ്ഥാപിച്ചതിന് അധികം തുക നൽകി<br>Written By: P.Sabu (Audit Officer (HG), On 03-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lakshmikanth P (Auditor, On 08-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Lakshmikanth P (Auditor, On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lakshmikanth P (Auditor, On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

| | | |
|---|---|---|
| | Written By: P.Sabu (Audit Officer (HG), On 25-08-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | |

| **അനുബന്ധം** | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

| | |
|---|---|
| അംഗീകരിച്ച തീയതി | 25/02/2019 |
| തീരുമാനം. നം. | 1/1 |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | 227367959 |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ്. | 225239000 |

വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും ബജറ്റ് പ്രകാരമുള്ള തുകയുടെ 1/3 ൽ ഒരു ഭാഗം പോലുമില്ലായെന്നതാണ് രേഖകളിൽ നിന്നും വ്യക്തമാകുന്നത് (വാർഷിക കണക്ക് പ്രകാരമുള്ള തൻവർഷത്തെ യഥാർത്ഥ വരവും ചെലവും ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്). ബജറ്റ് തയ്യാറാക്കുന്നത് വസ്തുനിഷ്ഠമായല്ലാ യെന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

## 1-2 വാർഷിക കണക്ക് പരിശോധന -2019-20 - ന്യൂനതകൾ-

അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2019- 2020 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2.ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമിനത്തിൽ 118594/- രൂപ ബാധ്യത കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് ഏത് വർഷത്തെ ആണെന്ന് വ്യക്തമാക്കിയിട്ടില്ല.

3.ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂൾ പ്രകാരം സമ്പൂർണ്ണ ശുചിത്വമിനത്തിൽ 1692000/- രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക വികസനഫണ്ടിൽ നിന്നും ചെലവഴിച്ചത് റീ-ക്ലപ്പ് ചെയ്ത് കിട്ടിയ തുകയാണ്. ആയത് തെറ്റായി ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു.

4.ബാലൻസ് ഷീറ്റിൽ B4 ഷെഡ്യൂളിൽ 60000/- രൂപ IAY ഇനത്തിൽ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ആയത് ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

5.പെർമിറ്റ്, വാടക രജിസ്റ്ററിൽ കൃത്യമായ യിഡി.സി.ബി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12703810 |
| വരവ് | 73001801 |
| ആകെ | 85705611 |
| ചെലവ് | 70146628 |
| നീക്കിയിരിപ്പ് | 15558983 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | | |
|---|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | നീക്കിയിരുപ്പ് | ക്യൂ ബിൽ |
| വികസനഫണ്ട് പൊതുവിഭാഗം | - | 2066547 | 14133453 | 16200000 | 2066547 | 10765504 | 3367949 | - |
| വികസനഫണ്ട് എസ്.സി.പി. | - | 44118 | 3368882 | 3413000 | 44118 | 2410636 | 958246 | - |
| വികസനഫണ്ട് ടി.എസ്.പി. | - | 0 | 169000 | 169000 | 0 | 169000 | 0 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 0 | 12384053 | 12384053 | 0 | 4020247 | 8363806 | 560674 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 0 | 5009000 | 5009000 | 0 | 1933370 | 3075630 | 586909 |
| സംരക്ഷണഗ്രാന്റ് | - | 0 | 4753000 | 4753000 | 0 | 2902487 | 1850513 | - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| നോൺറോഡ് | | | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | - | 89634 | 13050089 | 13139723 | 0 | 1682867 | 11456856 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 102101472 | 59 | 49380697 | 23 | 44 | 46.8 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 971 | 1392742 | 1393713 | 1389739 | 3974 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 37720887 | 37720887 | 37720887 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 276720 | 336 |
| കർഷകതൊഴിലാളി പെൻഷൻ | 2530800 | 276 |
| വിധവാപെൻഷൻ | 3137400 | 990 |
| വാർദ്ധക്യകാലപെൻഷൻ | 4662900 | 1565 |
| വികലാംഗപെൻഷൻ | 1248600 | 392 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 90000 | 25 |
| സാധുകളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2021 തീയതിയിൽ 3:30 P.M സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,992/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
2.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല. തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്ററിലെ വിവരങ്ങൾ തൻവർഷത്തെ വിതരണവിവരവുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.തീർത്തും അലക്ഷ്യമായ രീതിയിലാണ് തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.
4.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ

സൂക്ഷിക്കുന്നില്ല.

5.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്കിൽ ആവശ്യമായ വിവരങ്ങളൊന്നും തന്നെ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

7.തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/07/2021 | 01-02-2021 To 31-03-2021 | 28/07/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/03/2017 | 2011-12 To 2015-16 | 05/05/2017 |

**1-11 റേഷൻ വ്യാപരികളിൽ നിന്ന് തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നില്ല**

22.01.2019 ലെ സിവിൽസപ്ലൈസ് ഡയറക്റ്ററുടെ(സി.എസ്)എ9-764/2019 നമ്പർ സർക്കുലറിൽ പഞ്ചായത്തിന്റെ പരിധിയിൽ പെടുന്ന റേഷൻ വ്യാപാരികൾ ലൈസൻസ് ഫീസ് ഒടുക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികളിൽ നിന്ന് തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നുണ്ടോ എന്ന ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം.2/തീയതി 10-08-2021) നല്കിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ പെടുന്ന 9 റേഷൻ വ്യാപാരികൾക്ക് ലൈസൻസ് എടുക്കുന്നതിനും, ഫീസ് ഒടുക്കുന്നതിനും നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. റേഷൻ വ്യാപരികളിൽ നിന്നും തൊഴിൽ നികുതിയും, ലൈസൻസ് ഫീസും ഈടാക്കുന്നതിനുള്ള നിയമപരമായ തുടർനടപടികൾ സ്വീകരിച്ച തുക അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്ന ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-12 വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന മുറികൾക്ക് വാടക ഈടാക്കുന്നില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടം**

അമ്പലപ്പുഴ വടക്ക് വില്ലേജ് ഓഫീസിനായി പഞ്ചായത്ത് കമ്മിറ്റിയുടെ 12/02/2014 ലെ IV(26) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 3, 4 മുറികൾ വാടകയ്ക്ക് നല്കാൻ തീരുമാനിച്ച് 2500/- രൂപ താല്കാലിക വാടക നിശ്ചയിക്കപ്പെട്ടു. 21/12/2019 വരെയാണ് മുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത്. തഹസിൽദാർക്കു നല്കിയ 23/07/2020 ലെ എ1/5067/20 നമ്പർ കത്ത് പ്രകാരം 2014ഡിസംബർ മുതൽ 2020 ആഗസ്റ്റ് 31 വരെ വാടക കുടിശ്ശിക 1,70,806/- രൂപയും, നിയമാനുസൃത പിഴ പലിശയായ 59,206/- രൂപാ സഹിതം ആകെ 2,30,012/- രൂപയുടെ നഷ്ടമാണ് പഞ്ചായത്തിന് ഉണ്ടായിരിക്കുന്നത്. വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന മുറിയ്ക്ക് വാടക നിശ്ചയിക്കുന്നതിന് വേണ്ടി വില്ലേജ് ഓഫീസർ 09/12/2015 - ൽ 379/15 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം, കെട്ടിട ഉടമയുടെ സമ്മതപത്രം, കരാർ ഉടമ്പടിയുടെ പകർപ്പ് എന്നിവ19/01/2016എ2.13060/15 നമ്പരായി വില്ലേജ് ഓഫീസർക്ക് പഞ്ചായത്ത് നല്കിയിട്ടുള്ളതാണ്. തുടർന്നും വാടക ലഭിക്കാത്തതിനെ തുടർന്ന് അമ്പലപ്പുഴ തഹസിൽദാർക്കും, ബഹു.ജില്ലാ കളക്ടർക്കും 08.09.2017, 21.03.2019, 06.03.2020, 23.072020 തീയതികളിൽ കത്ത് നൽകിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് യാതൊരു മറുപടിയും ലഭിച്ചില്ല. 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-5 ലും, 2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-2 ലും ഈ വിഷയത്തെ സംബന്ധിച്ച പരാമർശം നിലനിൽക്കുന്നു. പി.ഡബ്ല്യൂ.ഡിയുമായി ബന്ധപ്പെട്ട് അടിയന്തരമായി സ്ഥിരവാടക നിശ്ചയിച്ച് അപ്രകാരം വാടക ക്രമീകരിച്ച് ഈടാക്കേണ്ടതാണ്. വാടക തുക ഡിമാന്റ് ചെയ്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലും ഉൾപ്പെട്ടിട്ടില്ല. വാടക കുടിശ്ശിക കാലഹരണപ്പെടാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി സ്വീകരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എത്രയും വേഗം വാടക കുടിശ്ശിക ഈടാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**1-13 ചെമ്മീൻ പീലിങ് ഷെഡുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തികുന്നു- പഞ്ചായത്തിന് വരുമാന നഷ്ടവും അധിക ചിലവും**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 15 ഓളം ചെമ്മീൻ പീലിങ് ഷെഡുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. പഞ്ചായത്ത് നോട്ടിസ് നൽകിയിട്ടും ഇത്തരം ചെമ്മീൻ പീലിങ് ഷെഡുകൾ അനധികൃതമായി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി, ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/ തീയതി 25 -08-2021 ) മറുപടി ലഭിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന പീലിങ് ഷെഡുകളെ സംബന്ധിച്ച പഞ്ചായത്തിന്റെ പക്കൽ വ്യക്തമായ കണക്കില്ല. ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന ചെമ്മീൻ പീലിങ് ഷെഡുകൾ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്നു എന്ന മാത്രമല്ല, പീലിങ് ഷെഡുകളിലെ മാലിന്യ സംസ്കരണം, അശാസ്ത്രീയമായി നടക്കുന്നു എന്നുള്ളതിനാൽ അത്

നിയന്ത്രിക്കുന്നതിന് പഞ്ചായത്തിന് സാധിക്കുന്നില്ല, ഇതു പരിസ്ഥിതിയേയും സമീപ പ്രദേശത്തെ ജനജീവിതത്തെയും ദോഷകരമായി ബാധിക്കുന്നു.

കാപ്പിത്തോട് പോലെയുള്ള ജലസ്രോതസ്സുകൾ മലിനമാകുന്നതിനും തൻമൂലം അനാരോഗ്യകരമായ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനും കാരണവുമാകുന്നു. മലീമസമായ ഇത്തരം ജലസ്രോതസ്സുകളുടെ നവീകരണത്തിന് പഞ്ചായത്തിന് വൻതുകകൾ ചെലവഴിക്കേണ്ടതായി വരുന്നതായി കാപ്പിത്തോട് നവീകരണ ചിലവുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം. നം. 34 /തീയതി 27 -08-2021 ) ലഭിച്ച മറുപടിയിൽ നിന്നും വ്യക്തമാണ്. 2016-17 മുതൽ 2018-19 വരെയുള്ള കാലയളവിൽ 7,86,016/- രൂപ കാപ്പിത്തോട് നവീകരണത്തിനായി മാത്രം ചിലവഴിച്ചിരിക്കുന്നു. ഈ കാരണത്താൽ പഞ്ചായത്തിൽ അനധികൃതമായി പീലിംഗ് ഷെഡുകൾ പ്രവർത്തിക്കുന്നില്ലായെന്നത് ഉറപ്പുവരുത്തേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-14 ബാല സഭപ്രവർത്തനങ്ങൾചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം.S0038/20-ബാല സഭപ്രവർത്തനങ്ങൾ

നിർവ്വഹണം -ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ -40000 (വികസനഫണ്ട്)

ചെലവ് - 40000 (ബിൽ നം.1/27.06.2019)

ബാലസഭ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിൽ കുട്ടികൾക്ക് വേണ്ടി 27.05.2019 മുതൽ 03.06.2019 വരെ നാടൻ പാട്ട്, നാടകം എന്നിവയുടെ പരിശീലനം നടത്തിയതിന്റെ ഭാഗമായി 8 ദിവസത്തേയ്ക്ക് ചായ, ലഘുഭക്ഷണം, ഊണ് എന്നിവ നൽകിയ വകയിൽ 38000/- രൂപയും ബാനറുകൾ തയ്യാറാക്കിയ വകയിൽ 2000/-വും ചെലവഴിച്ചിട്ടുണ്ട് .

പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ പരിശീലന കാലയളവിലെ ഭക്ഷണത്തിന് ചെലവായ തുക ശ്രീമതി.മഞ്ജുഷ,പുല്ലന്തറ, നീർക്കുന്നം എന്നവ്യക്തിയുടെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. (അക്കൗണ്ട് നം.15670100056087,ഫെഡറൽ ബാങ്ക്,വണ്ടാനം). ഇപ്രകാരം 38000/- രൂപ 27.06.2019ൽ മേൽ വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത ചെലവ് സംബന്ധിച്ച് രേഖകൾ ഒന്നുംതന്നെ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/10.08.2021) ഭക്ഷണവിതരണം നടത്തിയ സ്ഥാപനത്തിന്റെ പേരിൽ ബാങ്ക് അക്കൗണ്ട് ഉണ്ടായിരുന്നില്ല എന്നും അതിനാൽ എ.ഡി.എസ്.സെക്രട്ടറിയായ ശ്രീമതി. മഞ്ജുഷയുടെ അക്കൗണ്ടിലേക്ക് പണം മാറി നൽകി എന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. ചെലവിനെ സാധൂകരിക്കുന്ന രേഖകളൊന്നും ഹാജരാക്കാതെ (ഭക്ഷണവിതരണം നടത്തിയ സ്ഥാപനത്തിന്റെ ബില്ല്, കൈപ്പറ്റ് എന്നിവ) എ.ഡി.എസ്.സെക്രട്ടറിയുടെ ആക്കൗണ്ടിലേക്ക് തുക കൈമാറിയത് ക്രമപ്രകാരമല്ല.

അതിനാൽ ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ മറുപടി അംഗീകരിക്കുന്നില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 38000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- ബിൽ പ്രകാരമുളളതിലും അധികം തുക നൽകി

പ്രോജക്ട് നം.S0085/20- മത്സ്യത്തൊഴിലാളികളുടെ മക്കളായ പ്രൊഫഷണൽ/ബിരുദ/ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

നിർവ്വഹണം – സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ്
അടങ്കൽ -549480 (വികസനഫണ്ട്-പൊതു വിഭാഗം)

ചെലവ് - 480795 (ബിൽ നം.01/29.01.2020)

മത്സ്യത്തൊഴിലാളികളുടെ മക്കളായ പ്രൊഫഷണൽ/ബിരുദ/ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥി കൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായിരുന്നു പ്രോജക്ട്. 21 ലാപ്ടോപ്പ് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന് 480795/- രൂപ 29.01.2020ൽ നൽകിയിട്ടുണ്ട്. ലാപ്ടോപ്പുകൾക്ക് ഒപ്പം ലഭ്യമാക്കിയ ലെനോവയുടെ ടാക്സ് ഇൻവോയ്സിൽ 458773.82/- രൂപയാണ് ബിൽ തുക (ഇൻവോയ്സ് നം. RV200105008532/30.11.2020). യഥാർത്ഥ ബില്ല് പ്രകാരമുള്ള തുകയേക്കാളും 22021/- രൂപ ( Rs.480795-458773.82) അധികം പദ്ധതിയിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. യഥാർത്ഥ ബില്ലിലും അധികമായി തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.15/ 11.08.2021) മറുപടി ലഭ്യമാക്കിയില്ല. സാധനങ്ങളുടെ യഥാർത്ഥ വാങ്ങൽ വിലയിലും അധികമായി നൽകിയ 22021/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 പരസ്യചാർജ്ജിനത്തിൽ ഡിസ്കൗണ്ട് ലഭ്യമാക്കാതെ തുക നൽകി

2019-20 വർഷം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള പ്രകാരം പരസ്യ ചാർജ്ജിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ | വൗച്ചർ നം./ | തുക(CGST&SGST | ചെലവ് വിവരം |
|---|---|---|---|

| നം. | തീയതി | ഉൾപ്പെടാത്തത്) | |
|---|---|---|---|
| 1. | 21901044/31-03-2020 | 10400 | MGNREGS പ്രവൃത്തികളുടെ 2019-20 വർഷത്തെ ടെണ്ടർ, റീടെണ്ടർ പരസ്യം നൽകിയതിന് മാതൃഭൂമി ദിനപ്പത്രത്തിന് നൽകിയ തുക |
| | | 8112 | |
| | | 8112 | |
| | ആകെ | 26624 | |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജി.ഒ(പി)നം.17/15 Dt.08-12-2015 ലെ ഖണ്ഡിക 4 ലിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ചുള്ള ഡിസ്കൗണ്ട് 3994/- രൂപ പ്രസ്തുത ബില്ലുകൾക്കും ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഡിസ്കൗണ്ട് ഇല്ലാതെയാണ് പത്രപ്പരസ്യചാർജ്ജ് ഡിമാന്റ് ചെയ്തതും, പഞ്ചായത്ത് മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ച് നൽകുകയും ചെയ്തത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (12/25-08-2021) സ്ഥാപനത്തിൽ നിന്ന് ഡിസ്കൗണ്ട് ലഭ്യമാക്കാത്തതു മൂലം ഉണ്ടായ നഷ്ടം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 MGNREG പ്രവൃത്തികൾക്ക് ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് അധികം തുക നൽകി

2019-20 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തിയായ കാക്കനാട് കാട്ടുങ്കൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് (വർക്ക് കോഡ് നം.1611001001 RC/282775) ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന്റെ തുക 4000/-രൂപ കരാറുകാരന് രണ്ടു പ്രാവശ്യം നൽകിയിട്ടുണ്ട്. (പേമെന്റ് തിയതി 8.09.19 – 4000 /- , 2.7.19 – 4000/-)

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 1/9.8.21) ലഭ്യമാക്കിയ മറുപടിയിൽ FTO ജനറേറ്റ് ചെയ്തപ്പോൾ തുക രണ്ട് പ്രാവശ്യം ആഡ് ആയത് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് അറിയിച്ചത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കരാറുകാരന് ക്രമവിരുദ്ധമായിട്ടാണ് തുക നൽകിയത്. ആകയാൽ അധികമായി നൽകിയ 4000/- രൂപ പലിശസഹിതം കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക NREGS സെക്ഷനിലെ ഓവർസിയർ, സെക്രട്ടറി എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-18 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.S0076/20- കന്നുകുട്ടി പരിപാലനം

അടങ്കൽ -312500 (വികസനഫണ്ട്-പൊതു വിഭാഗം)

-312500 (സംസ്ഥാനാവിഷ്കൃത ഫണ്ട്)

- 625000 (ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്)

ചെലവ് - 312500 (ബിൽ നം.02/21.01.2020)

വെറ്ററിനറി സർജൻ നടപ്പാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ടിനായി (50 യൂണിറ്റ്) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസി.ഡയറക്ടർക്ക് 312500/- രൂപ 21.01.2020 ൽ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല (നം.15/26.08.2021). പ്രസ്തുത പ്രോജക്ട് പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 312500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ഗ്രാമ പഞ്ചായത്തിലെ വാഹനങ്ങളുടെ പരിപാലനം തൃപ്തികരമല്ല

ഗ്രാമ പഞ്ചായത്തിലെ വാഹനങ്ങളുടെ ലോഗ് ബുക്കിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(1) കെ.എൽ.04 എ.ഡി 7007 രജിസ്ട്രേഷനോടു കൂടിയ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം

(എ) വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല.

(ബി) ഇന്ധനം, അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ ചേർക്കുന്നില്ല.

(സി)അതാതു മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) കെ.എൽ.04 എ.ഇ 2419 (ACE) രജിസ്ട്രേഷനോടു കൂടിയ മാലിന്യം നീക്കം ചെയ്യുന്ന വാഹനം

(എ) അതാതു മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ബി) 05.07.2019 ന ശേഷം കൺട്രോളിംഗ് ഓഫീസർ ലോഗ് ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(സി) വാഹനത്തിന്റെ ലോഗ് ബുക്കിൽ 20.03.2020 വരെയുള്ള രേഖപ്പെടുത്തൽ മാത്രമാണ് ഉള്ളത്. അന്നേദിവസം കിലോമീറ്റർ റീഡിംഗ് 26012 ഉം ഓഡിറ്റ് തീയതിയിലെ റീഡിംഗ് (25.08.2021) 26709 ഉം ആണ്. 697 കിലോമീറ്റർ വാഹനം ഓടിയതിന്റെ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ ഇല്ല. കൂടാതെ ഈ കാലയളവിൽ വാഹനം ഓടിച്ച വ്യക്തിയുടെ വിവരം, യാത്രയുടെ വിശദാംശം

എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/25.08.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-20 മഴക്കാല പൂർവ്വ പ്രതിരോധപ്രവർത്തനങ്ങൾ- വിനിയോഗവിവരം ഇല്ല

2019-20 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 80000/-രൂപ വകയിരുത്തി മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം ചെയ്ത പ്രോജക്ടാണ് മഴക്കാല പൂർവ്വ പ്രതിരോധപ്രവർത്തനങ്ങൾ (പ്രോജക്ട് നം - S 0073/20). 31.12.19 ലെ ബിൽനം.4/19-20 പ്രകാരം, 79969/- രൂപ RAIDCO, ആലപ്പുഴക്ക് നൽകി.

RAIDCO, ആലപ്പുഴ യിൽ നിന്നുള്ള വാങ്ങലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Invoice No/Date | Item | Qty | Rate | Amount | Gst | Gst Amt | Cess 1% | Total |
|---|---|---|---|---|---|---|---|---|
| ALP/790/19-20/30.12.19 | Limeshell | 2530kg | 15.24 | 38557.20 | 5% | 1927.86 | 0 | 40485 |
| ALP/792/19-20/30.12.19 | Abate Granules 1% | 30kg | 714.29 | 21428.70 | 18% | 3857.16 | 214.29 | 25500 |
| ALP/793/19-20/30.12.19 | White Phenoil | 333ltr | 35.29 | 11751.57 | 18% | 2115.28 | 117.52 | 13984 |
| TOTAL | | | | | | | | 79969 |

എന്നാൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം, വിതരണവിവരം, സാധനങ്ങളുടെ വിനിയോഗവിവരം, തുകയുടെ കൈപ്പറ്റ് എന്നിവ ഹാജരാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 24.8.21 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.10 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 79969/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്-

**മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.**

1. 2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ, അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 51 പ്രോജക്ടുകളായിരുന്നു നിർവ്വഹണത്തിനായി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. അംഗീകരിച്ച പ്രൊജക്ടുകളിൽ 19 എണ്ണം മാത്രമാണ് തൻ വർഷം നടപ്പാക്കിയിട്ടുള്ളത് (37 % മാത്രം). ടി മേഖലയിൽ വകയിരുത്തിയ തുകയിൽ മൂന്നിൽ രണ്ടു ഭാഗവും തൻവർഷം ചെലവഴിക്കപ്പെട്ടില്ല. പദ്ധതികളുടെ ആസൂത്രണം മുതൽ നിർവ്വഹണം വരെ വളരെയേറെ മനുഷ്യാദ്ധ്വാനവും, സമയവും, പണവും ചെലവഴിച്ചാണ് പദ്ധതികൾ നിർവ്വഹണഘട്ടത്തിലെത്തുന്നത്. ആയത് പദ്ധതികാലയളവിനുള്ളിൽ നിർവ്വഹിക്കപ്പെടാതെ പോകുന്നത് മൂലം അതെല്ലാം പാഴായിപ്പോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നു. മാത്രവുമല്ല, ഇതുമൂലം പ്രയോജനം ലഭിക്കേണ്ട വിവിധ പ്രദേശങ്ങളിലെ വളരെയധികം ജനങ്ങൾക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകാതെയും വരുന്നു. ഈ അവസ്ഥ ഒട്ടും ആശാസ്യമല്ല.

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രോജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവർത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

4. കരാർ അംഗീകരിച്ചുകൊണ്ട് കരാറുകാരന് നൽകുന്ന സെലക്ഷൻ നോട്ടീസ് കരാറുകാരന് അയച്ചതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിലൊന്നും തന്നെ ആയത് കൈപ്പറ്റി കരാറുകാരൻ, ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

5. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012/ PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള

വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

6.1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികലുടെ നടത്തിപ്പ്) ചട്ടങ്ങൾ ) ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടേയില്ല.

7. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായകുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഒരു പ്രവർത്തിയിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/12-08-21) ലഭിച്ച മറുപടിയിൽ ഫണ്ടിന്റെ അഭാവം മൂലമാണ് തൻവർഷം ചെലവ് കുറഞ്ഞുപോയതെന്നും അടുത്ത വർഷം സ്പിൽ ഓവറായി പ്രവർത്തി നടപ്പിലാക്കിയിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയ അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ മോണിട്ടറിംഗ് റിപ്പോർട്ട് പ്രത്യേകം ഫയലായി സൂക്ഷിച്ചിരിക്കുന്നത് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ചൂണ്ടിക്കാട്ടിയ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-22 പാലിയേറ്റീവ് കെയർ - ചെലവ് രേഖകൾ പൂർണ്ണമല്ല

പ്രോജക്ട് നം - S 0060/20

പ്രോജക്ടിന്റെ പേര് - പാലിയേറ്റീവ് കെയർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

വികസനഫണ്ട് - 600000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 300000/-

ആകെ അടങ്കൽ - 900000/-

1) ബിൽ നം.6/19-20/17.2.20/ തുക.26343/-

KMSCL നിന്നും PRF/3857/13.1.20 (ഇൻവോയ്സ് നം/തീയതി) പ്രകാരം, 12 ഇനം മരുന്ന് വാങ്ങിയതിന് 26343/- രൂപ ചെലവഴിച്ചു.

2) ബിൽ നം.7/19-20/17.2.20/ തുക.100000/-

KMSCL നിന്നും PRF/3858/13.1.20 (ഇൻവോയ്സ് നം/തീയതി) പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | Item | Qty | Rate | Cgst | Sgst | Total |
|---|---|---|---|---|---|---|
| 1 | Wheel Chair | 21 | 4123.90 | 2165.05 (2.5%) | 2165.05 (2.5%) | 90932 |
| 2 | Cotton Wool (400gm) | 20 | 125.40 | 150.48 (6%) | 150.48 (6%) | 2808.96 |
| 3 | Gloves Sterile 7.5 (Surgicare) | 81 | 10.49 | 50.98 (6%) | 50.98 (6%) | 951.65 |
| Handling Charges -5% | | | | | | 4497.98 |
| Handling Charges GST -18% | | | | | | 809.64 |
| GRAND TOTAL | | | | | | 100000 |

3) ബിൽ നം.8/19-20/18.3.20/ തുക.23657/-

KMSCL നിന്നും PRF/5127/9.3.20 ( ഇൻവോയ്സ് നം/തീയതി) പ്രകാരം, 13 ഇനം മരുന്ന് വാങ്ങിയതിന് 23657/- രൂപ ചെലവഴിച്ചു.

4) ബ്ളോക്ക് വിഹിതം 300000/- രൂപ ചെലവഴിച്ച് (ചെക്ക് നം 2605324, തീയതി.11.03.20)KMSCL നിന്നും PRF4541/13.2.20 (ഇൻവോയ്സ് നം/തീയതി) പ്രകാരമുള്ള വാങ്ങലുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | Item | Qty (Nos) | Rate | Cgst | Sgst | Total |
|---|---|---|---|---|---|---|
| 1 | Cough Syrup | 22 | 11.50 | 15.18 (6%) | 15.18 (6%) | 283.36 |
| 2 | Metrogyl Gel30gm | 20 | 49.95 | 59.94 (6%) | 59.94 (6%) | 1118.88 |

| | | | | | | |
|---|---|---|---|---|---|---|
| 3 | Gauzebandage 100X20M | 25 | 152.95 | 229.43 (6%) | 229.43 (6%) | 4282.61 |
| 4 | Air Bed(Lifecare) | 30 | 1796.88 | 3234.38 (6%) | 3234.38 (6%) | 60375.16 |
| 5 | Walker Adj: Folding Alu.Adlt | 25 | 910 | 568.75 (2.50%) | 568.75 (2.50%) | 23887.50 |
| 6 | Walking Cane Adj: Alu | 25 | 254.44 | 159.03 (2.50%) | 159.03 (2.50%) | 6679.06 |
| 7 | Commode Chair | 25 | 1394.95 | 871.84 (2.50%) | 871.84 (2.50%) | 36617.43 |
| 8 | Cottonwool 400gm | 25 | 125.40 | 188.10 (6%) | 188.10 (6%) | 3511.20 |
| 9 | Wheelchair (Lifecare) | 20 | 4123.90 | 2061.95 (2.50%) | 2061.95 (2.50%) | 86601.90 |
| 10 | Waterbed Deluxe (Lifecare) | 50 | 872.77 | 2618.31 (6%) | 2618.31 (6%) | 48875.12 |
| 11 | Gloves Sterile 7.5 (Surgicare) | 1042 | 10.49 | 655.83 (6%) | 655.83 (6%) | 12242.24 |
| Handling Charges -5% | | | | | | 13157.45 |
| Handling Charges GST -18% | | | | | | 2368.3s4 |
| GRAND TOTAL | | | | | | 300000 |

അപാകതകൾ ചുവടെ ചേർക്കുന്നു.

മേൽ ചേർത്തിരിക്കുന്ന ബിൽ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, അവയുടെ വിനിയോഗവിവരം, തുകയുടെ കൈപ്പറ്റ് വിവരം, എന്നിവ ഹാജരാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 24.8.21ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.11 ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 450000/- രൂപയുടെ ചെലവ് (26343+100000+23657+300000) തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 എൽ.ഇ.ഡി.തെരുവ് വിളക്കുകൾ വാങ്ങൽ -അപാകതകൾ

പ്രോജക്ട് നം. - S 0008/20

പ്രോജക്ടിന്റെ പേര് - എൽ.ഇ.ഡി.തെരുവ് വിളക്കുകൾ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വികസനഫണ്ട് (ധനകാര്യകമ്മീഷൻഅവാർഡ്) -733000/-

തനത്ഫണ്ട് - 23610/-

ആകെ അടങ്കൽ - 735610/-

ചെലവ് വിവരം

1) ബിൽ നം.18/19-20/05.11.19 തുക. 500000/-

2) ബിൽ നം.26/19-20/10.03.20 തുക. 98914/-

3) ബിൽ നം.27/19-20/10.03.20 തുക. 134086/-

യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലത്തു നിന്നും തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയതിന്റെ വിവരവും, അപാകതകളും ചുവടെ ചേർക്കുന്നു.

1)ഇൻവോയ്സ് നം./ തീയതി - 425/16.10.19

| Sl No | Item | Qty | Rate | Taxable Value | Cgst (6%) | Sgst (6%) | Total Amount |
|---|---|---|---|---|---|---|---|
| 1 | LED STREET LIGHT SET BULB TYPE WITHOUT BULB | 310 | 1204.46 | 373382.6 | 22402.96 | 22402.96 | 418188.51 |

| | |
|---|---|
| TOTAL | 418189 |

അപാകതകൾ

1) തെരുവ് വിളക്ക് രജിസ്റ്റർ പേജ് 16 ൽ 310 വിളക്കുകൾ സ്റ്റോക്കിലെടുത്തതിൽ, 255 എണ്ണം കൈപ്പറ്റിയ രേഖയുണ്ട്. 55 എണ്ണം കൈപ്പറ്റിയ രേഖയില്ല. ബാലൻസ് പൂജ്യം എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

2) രജിസ്റ്ററിൽ 17 എണ്ണം റിട്ടേൺ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കാരണമില്ല.

3) തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ഇല്ല.

4) സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)ഇൻവോയ്സ് നം / തീയതി - 426/16.10.19

| Sl No | Item | Qty | Rate | Taxable Value | Cgst | Sgst | Total Amount |
|---|---|---|---|---|---|---|---|
| 1 | 1"GI BEND PIPE CLAMP BOLTS AND NUTS | 180 | 216.10 | 38898 | 3500.82 (9%) | 3500.82 (9%) | 45899.64 |
| 2 | BULB SHADE METAL | 180 | 33.90 | 6102 | 549.18 (9%) | 549.18 (9%) | 7200.36 |
| 3 | PENDANT HOLDER | 200 | 15.25 | 3050 | 274.50 (9%) | 274.50 (9%) | 3599 |
| 4 | 2.55QMM ALUMINIUM WIRE | 27 | 832.20 | 22469.4 | 2022.25 (9%) | 2022.25 (9%) | 26513.89 |
| 5 | 14/15W LED BULB | 200 | 162.50 | 32500 | 1950 (6%) | 1950 (6%) | 36400 |
| 6 | 9W LED BULB | 630 | 86.61 | 54564.3 | 3273.86 (6%) | 3273.86 (6%) | 61112.02 |
| TOTAL | | | | | | | 180725 |

അപാകതകൾ - തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ഇല്ല.

1) ക്രമ നം.1 ലെ 180 എണ്ണത്തിൽ, തെരുവ് വിളക്ക് രജിസ്റ്റർ പേജ് 67 ൽ 138 എണ്ണം സ്റ്റോക്കിലെടുത്തിട്ടുണ്ട്. 88 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയുണ്ട്. 50 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയില്ല. 42 എണ്ണം സ്റ്റോക്കിലെടുത്തിട്ടില്ല.

2) ക്രമ നം.2 ലെ 180 എണ്ണവും, തെരുവ് വിളക്ക് രജിസ്റ്റർ പേജ് 68 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 120 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയുണ്ട്. 60 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയില്ല. ബാലൻസ് പൂജ്യം എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

3) ക്രമ നം.3 ലെ 200 എണ്ണവും, തെരുവ് വിളക്ക് രജിസ്റ്റർ പേജ് 69 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 120 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയുണ്ട്. 60 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയില്ല. രജിസ്റ്റർ പ്രകാരം 20 എണ്ണം ബാലൻസ് ഉണ്ട്.

4) ക്രമ നം.4 ലെ 27 എണ്ണവും, തെരുവ് വിളക്ക് രജിസ്റ്റർ പേജ് 70 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 19 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയുണ്ട്. 8 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയില്ല. ബാലൻസ് പൂജ്യം എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

5) ക്രമ നം.5 ലെ 200 എണ്ണവും, തെരുവ് വിളക്ക് രജിസ്റ്റർ പേജ് 71 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 130 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയുണ്ട്. 70 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയില്ല.

6) ക്രമ നം.6 ലെ 630 എണ്ണവും, തെരുവ് വിളക്ക് രജിസ്റ്റർ പേജ് 72 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 620 എണ്ണം വിതരണം ചെയ്ത് ബാലൻസ് പത്ത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 620 എണ്ണം കൈപ്പറ്റിയതിന്റെയും രേഖയില്ല.

3)ഇൻവോയ്സ് നം / തീയതി - 6416/16.01.20

| Sl No | Item | Qty | Rate | Taxable Value | Cgst | Sgst | Total Amount |
|---|---|---|---|---|---|---|---|
| 1 | BULB SHADE METAL | 307 | 33.90 | 10407.3102 | 936.66 (9%) | 936.66 (9%) | 12280.61 |
| 2 | PENDANT HOLDER | 315 | 15.25 | 4803.753050 | 432.34 (9%) | 432.34 (9%) | 5668.43 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 1.55QMM ALUMINIUM WIRE | 20 | 259.32 | 5186.4 | 466.78 (9%) | 466.78 (9%) | 6119.95 |
| 4 | 23/25W LED BULB | 307 | 318.75 | 97856.25 | 5871.38 (6%) | 5871.38 (6%) | 109599 |
| 5 | INSULATION TAPE | 50 | 8.47 | 423.55 | 38.12 (6%) | 38.12 (6%) | 499.79 |
| TOTAL | | | | | | | 134168 |

അപാകതകൾ - തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ഇല്ല.

1) ക്രമ നം.1 ലെ 307 എണ്ണം, തെരുവ് വിളക്ക് രജിസ്റ്റർ പേജ് 73 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 138 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയുണ്ട്. 100 എണ്ണം Highway എന്ന് രേഖപ്പെടുത്തി വിതരണം ചെയ്തു. എന്നാൽ കൈപ്പറ്റിയതിന്റെ രേഖയില്ല. 69 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയില്ല. ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല.

2) ക്രമ നം.2 ലെ 315 എണ്ണം, തെരുവ് വിളക്ക് രജിസ്റ്റർ പേജ് 74 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 138 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയുണ്ട്. 100 എണ്ണം Highway എന്ന് രേഖപ്പെടുത്തി വിതരണം ചെയ്തു. എന്നാൽ കൈപ്പറ്റിയതിന്റെ രേഖയില്ല. 77 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയില്ല. ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല.

3) ക്രമ നം.3 ലെ 20 എണ്ണം, തെരുവ് വിളക്ക് രജിസ്റ്റർ പേജ് 75 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 7 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയുണ്ട്. 13 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയില്ല. 9 എണ്ണം ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

4) ക്രമ നം.4 ലെ 307 എണ്ണവും, തെരുവ് വിളക്ക് രജിസ്റ്റർ പേജ് 76 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 123 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയുണ്ട്. 100 എണ്ണം Highway എന്ന് രേഖപ്പെടുത്തി വിതരണം ചെയ്തു. എന്നാൽ കൈപ്പറ്റിയതിന്റെ രേഖയില്ല. 84 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയില്ല. ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല.

5) ക്രമ നം.5 ലെ 50 എണ്ണവും, തെരുവ് വിളക്ക് രജിസ്റ്റർ പേജ് 77 ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 26 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയുണ്ട്. 24 എണ്ണം വിതരണം ചെയ്തതിന്റെയും, കൈപ്പറ്റിയതിന്റെയും രേഖയില്ല. 4 എണ്ണം ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 27.08.21ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.16 ന് മറുപടി ലഭ്യമാക്കിയില്ല.

തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കൃത്യമായ കൈപ്പറ്റോട്ടു കൂടി മാത്രം വിതരണം ചെയ്യേണ്ടതാണ്. തെരുവ് വിളക്ക് ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 733000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോട് കൂടി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കുകയും, തെരുവ് വിളക്ക് ഉപകരണങ്ങൾ പൂർണ്ണമായും സ്ഥാപിച്ചതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ഹാജരാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 MGNREG പ്രവൃത്തികൾക്ക് ഡിസ് പ്ലേ ബോർഡ് സ്ഥാപിച്ചതിന് അധികം തുക നൽകി

2019-20 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തിയായ കാക്കനാട് കാട്ടുങ്കൽ റോഡ് കോൺക്രീറ്റ് പ്രവർത്തിക്ക് (വർക്ക് കോഡ് നം.1611001001 RC/282775) ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന്റെ തുക 4000/-രൂപ കരാറുകാരന് രണ്ടു പ്രാവശ്യം നൽകിയിട്ടുണ്ട്. (പേമെന്റ് തിയതി 8.09.19 – 4000 /- , 2.7.19 – 4000/-)

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 1/9.8.21) ലഭ്യമാക്കിയ മറുപടിയിൽ FTO ജനറേറ്റ് ചെയ്തപ്പോൾ തുക രണ്ട് പ്രാവശ്യം ആഡ് ആയത് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നാണ് അറിയിച്ചത്. ടി മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കരാറുകാരന് ക്രവിരുദ്ധമായിട്ടാണ് തുക നൽകിയത്. ആകയാൽ അധികമായി നൽകിയ 4000/- രൂപ പലിശസഹിതം

കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി തുക NREGS സെക്ഷനിലെ ഓവർസിയർ, സെക്രട്ടറി എന്നിവരുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | അനുപൂരക പോഷകാഹാര പരിപാടി | 300000 | 0 |
| | | 300000 | പാലിയേറ്റീവ് കെയർ 60/20 | 300000 | |
| | 2018-19 (OB) | 106481 | ലൈഫ് മിഷൻ | 106481 | |
| | 2019-20 (ഡയറക്ട് ട്രാൻഫർ ) | 1508000 | ലൈഫ് മിഷൻ | 1508000 | |
| | | 300000 | പാലിന് സബ്സിഡി | 300000 | |
| | | 245000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 245000 | |
| ജില്ല പഞ്ചായത്ത് | 2019-20 | 100000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | 0 |
| | 2018-19 | 1160000 | അങ്കണവാടി നിർമാണം | 580000 | 580000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8635580/-രൂപ വരവുണ്ട്. മുൻബാക്കി 21684420/-രൂപയടക്കം 30320000/- രൂപയിൽ 30320000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | G.O (MS) No. 68/2018/LSGD Dtd 18.05.2021 | 8635580 | 21684420 | 1926471 | 0 | 2839352 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 23670/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-6(2) | 12300 | മാനേജർ, അൽഹുദ ഇംഗ്ലീഷ് സ്കൂൾ | 119010102182, 15/06/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 100 | ആൻസിൽ | 119010103333 22/7/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 350 | ഷെഫീക് ബഷീർ | 119010103405 , 23/7/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 370 | പ്രസിഡണ്ട് , സീ എക്സ്പോർടെർസ് അസോസിയേഷൻ | 119010103582 , 29/7/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 100 | ഷൌകത്ത് , കണ്ടൻ കുളങ്ങര | 119010103616 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 1000 | എ എം ബഷീർ , ഉണ്ടിൽ വീട് | 119010103622 , 1/8/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 200 | അബ്ദുല്ല , അസ്സ സീ ഫുഡ് | 119010103664 , 1/8/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 400 | കെ എസ് ജയരാജൻ | 119010103666 , 01/8/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 400 | നൌഫൽ ഷരീഫ് | 119010103707, 3/8/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 400 | നിസാം എം | 119010103708, 3/8/2019 |
| 2018-19 | ഓഡിറ്റ് അന്വേഷണം 18 | 500 | ഷജീന | 119010103715 , 3/8/2019 |
| 2018-19 | 3-3 | 4500 | മുഹമ്മദ് ഹസ്സൻ, കോണ്ട്രാക്ടർ | 119010105330, 14/10/2019 |
| 2018-19 | 3-3 | 2250 | ഗ്രിഗറി , തയ്യിൽ | 119010105329 , 14/10/2019 |
| 2018-19 | 2-3(B) | 500 | പ്രിൻസിപ്പൽ , ഗവ: ഡെൻറൽ കോളേജ് | 119010105781 |
| 2018-19 | 2-4 | 300 | ജയകൃഷ്ണൻ | 119010106510, 16/11/2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത

റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-23 | 2014-15 | 13 | ആട്ട വിതരണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2013-14 | 3-3 | 2014-15 | 17 | കാലിത്തൊഴുത്ത് നിർമ്മാണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക / ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2008-09 | 3.12 | സെബാസ്റ്റ്യൻ. ജെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷറീസ് | എൽ.എഫ് 2600/ ബി3/2013 തീയതി 9/03/2015 | 165000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | 165000 | 27/04/2015 ലെ 8(2) നംബർ തീരുമാന പ്രകാരം ആർ ആർ നടത്താൻ തീരുമാനിച്ചു. |
| 2 | 2007-08 | 3-12 | ബി. ജോയ്, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷറീസ് | എൽ.എഫ്. 2599/ സി എസ് സി / ബി3/2013 തീയതി 7/4/2015 | 30000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30000 | 10.03.2013 ൽ രജിസ്റ്റേഡ് ആയി നോട്ടീസ് നൽകി. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :73001801 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :70146628 |
| വരവിനങ്ങളിലുള്ള നഷ്ടം | :ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :4000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :1635490 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 4000 | | 1.രാജ്കുമാർ ജി,സെക്രട്ടറി (Rs.2000/-)<br>2.രമ്യാദേവി.ബി, എം.എൻ.ആർ.ഇ.ജി.എസ്.ഓവർസിയർ(Rs.2000/-) |
| ആകെ | 4000 | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 38000 | തനൂജ കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-15 | 22021 | ലൂസി എ.വൈ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| 1-18 | 312500 | ഡോ. ബിജു എസ്.വെറ്ററിനറി സർജൻ |
| 1-20 | 79969/- | ഡോ.ഗോപകുമാർ വി.വി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-22 | 450000/- | ഡോ.ഗോപകുമാർ വി.വി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-23 | 733000/- | രാജ്കുമാർ ജി, സെക്രട്ടറി |
| ആകെ | 1635490 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക 1-17 : 4000/-രൂപ

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലൂസി എ.വൈ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ഫിഷറീസ് ഓഫീസർ,വൈക്കം | കുന്നേൽ,പുല്ലംപ്ലാവ്, മാവേലിക്കര |
| തനൂജ കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | ലക്ഷ്മിഭവനം,കോമന |
| ഡോ. ബിജു എസ്.വെറ്ററിനറി സർജൻ | ഗവ.വെറ്ററിനറി ഡിസ്പെൻസറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | എസ്2 ക്വാർട്ടേഴ്സ്, റ്റി.ഡി.എം.സി.വണ്ടാനം |
| രാജ്കുമാർ ജി,സെക്രട്ടറി | സെക്രട്ടറി, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് | വലിയപുരയ്ക്കൽ, പഴവീട് പി.ഒ, ആലപ്പുഴ |
| രമ്യാദേവി.ബി, എം.എൻ.ആർ.ഇ.ജി.എസ്.ഓവർസിയർ | എം.എൻ.ആർ.ഇ.ജി.എസ്.ഓവർസിയർ, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് | പൊറ്റത്തറ,കഞ്ഞിപ്പാടം പി.ഒ, ആലപ്പുഴ |
| ഡോ.ഗോപകുമാർ വി.വി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | വിജയഭവനം, പൊന്നേഴ, തെക്കേക്കര മാവേലിക്കര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2000-01<br>2001-02<br>2002-03 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2003-04<br>2004-05<br>2005-06 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |

| | |
|---|---|
| 2007-08 | എൽ.എഫ്.എപി4-605/11/28.11.11/03.12.11 |
| 2008-09 | എൽ.എഫ്.എപി4-606/11/30.11.11/03.12.11 |
| 2009-10 | എൽ.എഫ്.എപി8-503/12/17.7.12/10.08.12 |
| 2010-11,<br>2011-12 | എൽ.എഫ്.എപി8-112/13/8.4.13/25.06.13 |
| 2012-13 | എൽ.എഫ്.എപി8-966/14/26.06.14/08.12.14 |
| 2013-14 | എൽ.എഫ്.എപി.ഇസെഡ്.പി8-1071/15/4.09.15/05.10.15 |
| 2014-15 | കെ.എസ്.എ.- എ.എൽ.പി.-പി.8/623/2016തീയതി 13.06.2016 |
| 2015-16 | കെ.എസ്.എ.- എ.എൽ.പി.-പി.8-1334/16 /02.12.16 |
| 2016-17 | കെ.എസ്.എ.- എ.എൽ.പി.-പി.8-857/17/5.7.17 |
| 2017-18 | കെ.എസ്.എ.- എ.എൽ.പി.-പി.8-1207/2018/31.08.2018 |
| 2018-19 | കെ.എസ്.എ.- എ.എൽ.പി.-പി.8 -826/2019 / 26.07.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്